"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - 2025-26 സാമ്പത്തിക വർഷം - നോർക്ക സ്റ്റുഡൻറ് മൈഗ്രേഷൻ സെൽ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**കേരളിയ പ്രവാസി കാര്യ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.658/2025/NORKA തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-
1. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 07.05.2025 തീയതിയിലെ ROOTS/283/2025-AD2 നമ്പർ കത്ത്
2. 13.05.2025 തീയതിയിലെ നോർക്ക വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

പരാതികൾ ശേഖരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങളോട്ടുകൂടിയ പരാതികൾ പരിഹരിക്കൽ, പുറപ്പെടുന്നതിന് മുമ്പുള്ള ഓറിയന്റേഷൻ മെറ്റീരിയലുകളും ലക്ഷ്യസ്ഥാന രാജ്യങ്ങളിലെ പ്രസക്തമായ നിയമനിർമ്മാണത്തെക്കുറിച്ചുള്ള അപ്ഡേറ്റുകളും നൽകുന്ന ഒരു സമഗ്ര വെബ്സൈറ്റിന്റെ വികസനം, പ്രവാസി ബന്ധങ്ങൾ വഴിയും നോർക്ക ഹെൽപ്പ് ഡെസ്കുൾ വഴിയും ദുരിതം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പിൻതുണ ശൃംഘലയും നൽകുക എന്ന ലക്ഷ്യത്തോടെ കേരളീയ പ്രവാസികാര്യ വകുപ്പ് നോർക്ക റൂട്ട്സ് വഴി ആരംഭിച്ച പുതിയ പദ്ധതിയാണ് നോർക്ക സ്റ്റുഡൻറ് മൈഗ്രേഷൻ സെൽ .

നോർക്ക സ്റ്റുഡൻറ് മൈഗ്രേഷൻ സെൽ എന്ന പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-800-79(പ്ലാൻ) എന്ന ശീർഷകത്തിൽ 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയ്ക്കായി പരാമർശം (1) - പ്രകാരം നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത പ്രൊപ്പോസൽ 13.05.2025 തീയതിയിൽ ചേർന്ന നോർക്ക വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും പരാമർശം (2) - ലെ നടപടിക്കുറിപ്പ് പ്രകാരം നോർക്ക സ്റ്റുഡൻറ് മൈഗ്രേഷൻ സെൽ എന്ന പദ്ധതിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തിൽ ആകെ 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) രൂപ അടങ്കൽ തുകയ്ക്ക് താഴെപ്പറയുന്ന ഘടകങ്ങൾ പ്രകാരം ഭരണാനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | Website Development and related expenditure including manpower, content development and other admin expenditure for migration cell. | 35 |
| 2. | Conducting awareness programs and publicity | 10 |
| 3. | Establishing Grievance Centre | 5 |

| | | | |
|---|---|---|---|
| | Total | 50 | |

സർക്കാർ ഇക്കാര്യം പരിശോധിച്ചു. നോർക്ക സ്റ്റുഡൻറ് മൈഗ്രേഷൻ സെൽ എന്ന പദ്ധതി 2025-26 സാമ്പത്തിക വർഷം 2230-01-800-79(പ്ലാൻ) എന്ന ശീർഷകത്തിൽ ലഭ്യമായ 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) രൂപ മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുനിൽ കുമാർ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(B3/186/2025-Norka)

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 12-06-2025 10:06:48
സെക്ഷൻ ഓഫീസർ